Break the chain
കൈവിടാതിരിക്കാം... കൈ കഴുകാം...

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 1272/വനവൽക്കരണം/2020/അഡ്മിൻ.

11.05.2022

## ലേല നോട്ടീസ്

### തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - മരങ്ങൾ മുറിച്ചെടുത്ത് വാങ്ങുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയിലെ കാമ്പസിലുള്ള 165 അക്കേഷ്യാ മരങ്ങൾ, 76 കാറ്റാടി മരങ്ങൾ എന്നിവ മുറിച്ച് വിൽക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ അനുമതി ലഭിച്ചതിനാൽ സർവകലാശാല കാമ്പസിലുള്ള മേൽ പ്രകാരമുള്ള 241 മരങ്ങൾ മുറിച്ച് വാങ്ങുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു.

മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിന് പരമാവധി വില കാണിച്ചുകൊണ്ടുള്ള ടെണ്ടറുകൾ **30.05.2022 ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി** സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. **"മരങ്ങൾ മുറിച്ചെടുത്ത് വാങ്ങുന്നതിനുള്ള ടെണ്ടർ"** എന്ന് കവറിന് പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ അന്നേദിവസം 3 മണിക്ക് തന്നെ തുറക്കുന്നതായിരിക്കും. രേഖപ്പെടുത്തിയ ലേലത്തുക തൃപ്തികരമാണെങ്കിൽ അന്നേദിവസം ലേലം ഉറപ്പിക്കുന്നതും അല്ലാത്തപക്ഷം പുനർലേലം ചെയ്യുന്നതുമായിരിക്കും. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മരങ്ങൾ | ബ്ലോക്ക്- 1 | ബ്ലോക്ക്-2 | ബ്ലോക്ക്-3 |
|---|---|---|---|
| അക്കേഷ്യ | 56 എണ്ണം | 31എണ്ണം | 73എണ്ണം |
| കാറ്റാടി | 2എണ്ണം | 20എണ്ണം | 53എണ്ണം |

മരങ്ങൾ മൊത്തമായോ, ബ്ലോക്കുകളായോ ലേലം ചെയ്തു വാങ്ങാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി 12,300/- രൂപ മലയാളസർവ്വകലാശാലയുടെ പേരിലെടുത്ത, തിരൂർ സ്റ്റേറ്റ് ബാങ്കിൽ മാറാവുന്ന, ഡിമാന്റ് ഡ്രാഫ്റ്റായോ, സർവകലാശാല ഫിനാൻസ് വിഭാഗത്തിൽ നേരിട്ടടച്ച രശീതായോ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഓഫീസ് സമയത്ത് സർവകലാശാല എസ്റ്റേറ്റ് ഓഫീസറുടെ **9526359357** എന്ന നമ്പറിൽ ബന്ധപ്പെട്ട് അനുമതി നേടിയ ശേഷം മുറിക്കാനുദ്ദേശിക്കുന്ന മരങ്ങൾ പരിശോധിക്കാവുന്നതാണ്.ടെണ്ടറുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

ടെണ്ടർ ഉറപ്പിക്കുകയാണെങ്കിൽ 5 ദിവസത്തിനകം 18% ജി.എസ്.ടി. അടക്കമുള്ള ലേലതുക മുഴുവനായും അടച്ച്, 15 ദിവസത്തിനകം സർവകലാശാലയിൽ നിന്നും മരങ്ങൾ മുറിച്ചെടുത്ത് നീക്കം ചെയ്യേണ്ടതാണ്.

കേന്ദ്രസർക്കാറിന്റെ ഇൻകം ടാക്സ് വകുപ്പ് നൽകുന്ന പാൻ കാർഡ് ഉള്ളവർക്കുമാത്രമേ ലേലത്തിൽ പങ്കെടുക്കുവാനുള്ള അർഹതയുള്ളൂ.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.malayalamuniversity.edu.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതുമാണ്.

രജിസ്ട്രാർ ഇൻ ചാർജ്

വി.സി. കാര്യാലയം/മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/
മലയാളസർവ്വകലാശാല വെബ്സൈറ്റ്/അക്കൗണ്ട്സ്/പി.ആർ.ഒ./എ.എ.ഒ./ഫ്രണ്ട് ഓഫീസ്/
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/നിറമരുതൂർ പഞ്ചായത്ത്
ഓഫീസ് രേഖ/കരുതൽ രേഖ